തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ധനസഹായ പദ്ധതി

31 (1399) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്തവർക്ക് സ്കൂൾ തുറക്കുന്ന തോടനുബന്ധിച്ച് ആയിരം രൂപാ വീതം നൽകുന്ന ധനസഹായ പദ്ധതി ഏത് സാമ്പത്തിക വർഷമാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) അതിനുശേഷമുള്ള ഓരോ സാമ്പത്തിക വർഷത്തിലും പ്രസ്തുത തുക എത്ര പേർക്ക് വീതം നൽകിയെന്നറിയിക്കാമോ ?

ഉത്തരം

(എ&ബി) 2011-12 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം പണിയെടുത്ത കുടുംബങ്ങളിലെ കുറഞ്ഞത് 90 ദിവസമെങ്കിലും പ്രവൃത്തിയെടുത്ത സ്ത്രീ തൊഴിലാളികൾക്ക് 1,000 രൂപ വീതം ഒറ്റത്തവണ ധനസഹായം 2012-13, 2014-15 എന്നീ സാമ്പത്തിക വർഷങ്ങളിലായി നൽകിയിട്ടുണ്ട്. ഇത് ഒരു തുടർ പദ്ധതിയല്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

32 (1400) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇക്കാലയളവിൽ എന്തെല്ലാം ഭൗതിക - സാമ്പത്തിക നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിലെ സ്ത്രീത്തൊഴിലാളികൾക്ക് എന്തെല്ലാം പ്രോൽസാഹനങ്ങളും ആനുകൂല്യങ്ങളും നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ പ്രസ്തുത പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ;വിശദാംശങ്ങൾ നൽകുമോ ?

852/2017.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(സി) 2011-12 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ 100 പ്രവൃത്തി ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളിലെ കുറഞ്ഞത് 90 ദിവസമെങ്കിലും പണിയെടുത്ത 113680 കുടുംബങ്ങളിലെ സ്ത്രീ തൊഴിലാളികൾക്ക് കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി 1,000 രൂപാ വീതം ഒറ്റത്തവണ ധനസഹായം നൽകി. ഇതിലേയ്ക്കായി 11.37 കോടി രൂപ 2012-13, 2014-15 സാമ്പത്തിക വർഷങ്ങളിലായി നൽകിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം ജോലി ചെയ്ത സ്ത്രീ തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് 400 രൂപയിൽ അധികരിക്കാത്ത തുകയ്ക്കുള്ള ഓണക്കോടി വിതരണം ചെയ്യ. ഇതിലേയ്ക്കായി 13,61,24800 രൂപ സർക്കാർ അനുവദിച്ചു.

(ഡി) അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

33 (1401) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014 -15 സാമ്പത്തിക വർഷത്തിൽ ആകെ എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാക്കി എന്ന് വ്യക്തമാക്കാമോ ;

(ബി) എത്ര പേർക്ക് പ്രസ്തുത കാലയളവിൽ തൊഴിൽ നൽകിയെന്നും ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭിച്ചുവെന്നും വ്യക്തമാക്കാമോ ;

(സി) ഇക്കാലയളവിൽ എത്ര തുക വേതനമായി നൽകിയെന്നും, വേതന കുടിശ്ശിക നിലവിലുണ്ടോയെന്നും എങ്കിൽ അത് എത്രയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ ആകെ 588.19 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.